## 75

സ്തോത്രം ശ്രീ മനുവേലനേ, മമപ്രിയ യേശുനാഥാ
വിൺമയനാം നീ മൺമയനായ് മമ കൊടുംപാപത്തെ നീക്കി

1 ആഴമുള്ള വൻകുഴിയിൽ കുഴചേറ്റിൽ വീണവൻ ഞാൻ
താണിറങ്ങി കരകേറ്റി പാറയിൽ കാലുകൾ നിറുത്തി-

2 നവഗാനം പാടിടുവാൻ ഗമനത്തെ സ്ഥിരമാക്കി
ദേഹമിതാ സമർപ്പിക്കുന്നേ ലോകത്തിൻ മോഹങ്ങൾ വെടിഞ്ഞു

3 ദാരുണമായ് അടിയേറ്റു മുറിവുകളാൽ നിണമണിഞ്ഞു
നിന്ദകളാൽ മനംതകർന്നു കുരിശതിൽ നീ തലചായിച്ചു

4 ഉടയുന്നേ മമഹൃദയം നിറയുന്നേ നയനങ്ങൾ
വർണ്ണിക്കുവാൻ നിൻവ്യഥകൾ നീറുമെൻ മനസ്സിന്നാവില്ലേ-

5 സ്നേഹിക്കും സേവിക്കും വന്ദിക്കും കാലമെല്ലാം
കീർത്തിക്കുമേ പാടിടുമേ
നിസ്തുലസ്നേഹ ദയാപരനേ-

**K.D.W.**